**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1264** **14-03-2022 - ൽ മറുപടിയ്ക്ക്**

**സ്ട്രീറ്റ് ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം വകുപ്പിന്റെ സ്ട്രീറ്റ് ടൂറിസം പദ്ധതിയെക്കുറിച്ച് വിശദീകരിക്കാമോ; | (എ) | UNWTO യുടെ 'ടൂറിസം ഫോർ ഇൻക്ലൂസീവ് ഗ്രോത്ത്' എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കുന്ന പദ്ധതിയാണ് സ്ട്രീറ്റ്. നിലവിലുള്ള ടൂറിസം കേന്ദ്രങ്ങളെ തീം ബേസ്ഡ് സ്ട്രീറ്റുകളിലൂടെ റീബ്രാൻഡ് ചെയ്യുകയും പുതിയ കേന്ദ്രങ്ങളെ തീം ബേസ്ഡ് സ്ട്രീറ്റുകളായി തിരിച്ചുകൊണ്ടു വളർത്തിക്കൊണ്ടു വരികയും ചെയ്യുക എന്നുള്ളതാണ് സ്ട്രീറ്റ് പദ്ധതിയുടെ ലക്ഷ്യം. ടൂറിസം കേന്ദ്രങ്ങളിലെ തിരക്ക് വളരെകുറച്ച് സ്ഥലത്ത് മാത്രം കേന്ദ്രീകരിക്കുന്ന സ്ഥിതി വിശേഷം മാറ്റുന്നതിനും, സമീപ പ്രദേശങ്ങളിൽ കൂടി ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചുകൊണ്ടു സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക സംതുലനാവസ്ഥ നിലനിർത്തുക എന്നുള്ളതും പദ്ധതിയുടെ ലക്ഷ്യമാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ പുനലൂർ മണ്ഡലത്തിലെ തെന്മലയെ ഉൾപ്പെടുത്തുന്നത് പരിഗണിക്കുമോ; | (ബി) | സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്. |
| (സി) | പുനലൂർ മണ്ഡലത്തിലെ തെന്മല, അച്ചൻകോവിൽ പ്ലാന്റേഷൻ മേഖല കേന്ദ്രീകരിച്ച് ഒരു പ്ലാൻറ്റേഷൻ ടൂറിസം പദ്ധതി നടപ്പിലാക്കുന്നത് പരിഗണിക്കുമോ? | (സി) | പരിശോധിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ